സർവ്വകലാശാല കാണുന്നത്. കായിക വിദ്യാർത്ഥികൾക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരം

114 (1150) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല ആസ്ഥാനത്ത് വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥി സമരത്തിന്റെ ഡിമാന്റുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) സമരം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് വിദ്യാർത്ഥി നേതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ചർച്ചകൾ പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനമായും ഒറ്റപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ സ്വാശ്രയ മേഖലയിലുള്ള കായിക വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തിയതിനെതിരെയാണ് വിദ്യാർത്ഥികൾ സമരം നടത്തുന്നത്.

(സി-ഇ) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly